# ലാറ്റിൻ വചനബോധി

Vol.18, May - June, 2021



കാരുണികൻ

# വചനബോധി
## ലത്തീൻ

പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ.ലോറൻസ് കുലാസ്
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ജൂൺ 06 ___ ദിവ്യകാരുണ്യ ഞായർ**
**Page : 03** പുറ 24:3 – 8; ഹെബ്രാ 9:11 – 15; മർക്കോ 14:12 – 16,22 – 26
- ഡോ. ലോറൻസ് കുലാസ്
- ഫാ. മൈക്കിൾ ജോർജ് അരയൻപറമ്പിൽ

**ജൂൺ 13 ___ തിരുഹൃദയത്തിരുനാൾ**
**Page : 10** ഹോസി 11:1,3 – 4, 8c – 9; എഫേ 3:8 – 12,14 – 19; യോഹ 19:31 – 37
- ഡോ. ലോറൻസ് കുലാസ്
- ഫാ. വർഗീസ് തൊട്ടിയിൽ

**ജൂൺ 20 ___ ആണ്ടുവട്ടം 12-ാം ഞായർ**
**Page : 17** ജോബ് 38:1,8 – 11; 2 കോറി 5:14 – 17; മർക്കോ 4:35 – 41
- ഡോ. ലോറൻസ് കുലാസ്
- ഫാ. ഡാനിയേൽ രാജമണി

**ജൂൺ 27 ___ ആണ്ടുവട്ടം 13-ാം ഞായർ**
**Page : 23** ജ്ഞാനം 1:13 – 15; 2:23 – 24; 2 കോറി 8:7,9,13 – 15; മർക്കോ 5:21 – 43
- ഡോ. ലോറൻസ് കുലാസ്
- ഫാ. ഇമ്മാനുവേൽ യേശുദാസൻ

# ജൂൺ 06
# ദിവ്യകാരുണ്യഞായർ

## ഭാഷ്യം
പുറ 24: 3-8; ഹെബ്രാ 9:11-15
മർക്കോ 14:12-16,22-26

## സന്ദർഭം

മർക്കോസ് സുവിശേഷകൻ 14:1-16:8 ൽ യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ വിവരിക്കുന്നു. ഈ വിവരണത്തിലൂടെ യേശുസംഭവം അതിന്റെ പാരമ്യത്തിലെത്തിക്കാൻ സുവിശേഷകൻ ശ്രമിക്കുന്നു. യേശുവിന്റെ പീഡാനുഭവചരിത്രം രൂപപ്പെടുത്തുന്നതിൽ ആദിമസഭയിലെ വിശ്വാസപ്രഖ്യാപനവും അപ്പസ് തോലികവിശ്വാസപ്രഘോഷണവും സുവിശേഷകനെ സ്വാധീനിച്ചിട്ടുണ്ടാകണം. ഇതിൽ ഏറെ പ്രധാനപ്പെട്ടത് ആദിമസഭയിലെ ദിവ്യബലിയർപ്പണമാണ്. ആരാധനക്രമത്തിന്റെ ഭാഗമായ ദിവ്യബലിയർപ്പണം പീഡാനുഭവവിവരണത്തിന്റെ കേന്ദ്രബിന്ദുവായി മാറി. യേശുവിന്റെ പീഡാനുഭവം, മരണം എന്നിവയുടെ ഓർമയ്ക്കായാണ് ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നത് (1 കോറി 11:26 കാണുക). ആ അനുസ്മരണം ബലിയർപ്പണത്തിന്റെതന്നെ മുഖ്യഭാഗമായി മാറി. അപ്രകാരം പീഡാനുഭവവിരണങ്ങൾ ദിവ്യബലിയുടെ പ്രധാന ഭാഗമായി തീർന്നു. ഈ ദിവ്യബലിയുടെ സ്ഥാപനത്തെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷ പ്രതിപാദനം.

## സാരം

1. ദിവ്യബലിയുടെ സ്ഥാപനം പെസഹാവിരുന്നിന്റെ പശ്ചാത്തലത്തിലാണ് മർക്കോസ് സുവിശേഷകൻ നല്കുന്നത് (14:12-16). മത്തായി, ലൂക്കാ സുവിശേഷകരും യേശുവിന്റെ അവസാനഭക്ഷണം പെസഹാവിരുന്നാണെന്ന് രേഖപ്പെടുത്തുന്നുണ്ട് (മത്താ 26:17-19; ലൂ

ക്കാ 22:7–15). യഹൂദപാരമ്പര്യമനുസരിച്ച് പുളിപ്പില്ലാത്ത അപ്പത്തിനു മുമ്പുള്ള ദിവസമാണ് പെസഹാബലി അർപ്പിച്ചിരുന്നത്. അതായത്, നീസാൻമാസം 14-ാം തീയതി. അന്നു വൈകുന്നേരംതന്നെ ആടുകളെ കൊല്ലും. പെസഹാഭക്ഷണം അന്നുരാത്രിയിലാണ് ഭക്ഷിച്ചിരുന്നത്. അതൊരു പ്രത്യേകക്രമത്തിലായിരുന്നു. ഗൃഹനാഥനും മറ്റ് കുടുംബാംഗങ്ങളും ആദ്യം ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിച്ചുകൊണ്ട് ആദ്യത്തെ കപ്പ് വീഞ്ഞ് കുടിക്കുന്നു. തുടർന്ന്, ഭക്ഷണത്തിലെ ഒന്നാമത്തെ വിഭവം (പച്ചിലകൾ, കയ്പുള്ള ഇലകൾ, പഴച്ചാറ്) കഴിച്ചുകൊണ്ട് ഒരുപാത്രം വീഞ്ഞുകൂടി പകർന്നുവയ്ക്കുന്നു (രണ്ടാമത്തെ കപ്പ്). രണ്ടാമത്തെ കപ്പ് വീഞ്ഞ് കുടിക്കുന്നതിനു മുമ്പ് ഈജിപ്തിൽനിന്ന് മോചനംപ്രാപിച്ച പഴയനിയമകഥ ഗൃഹനാഥൻ ഒരു ചോദ്യത്തിന് മറുപടിയെന്നോണം കുടുംബാംഗങ്ങൾക്ക് വിവരിച്ചുകൊടുക്കുന്നു. അതിനുശേഷം ഹല്ലേൽ സങ്കീർത്തനത്തിന്റെ ഒന്നാം പകുതി (സങ്കീ 113:114) പാടുന്നു. അതേതുടർന്നാണ് പ്രധാനഭക്ഷണം (പുളിപ്പില്ലാത്ത അപ്പം, പെസഹാകുഞ്ഞാട്, കയ്പുള്ള ഇലകൾ, പഴച്ചാറ്, വീഞ്ഞ്). പ്രധാനഭക്ഷണത്തിനുമുമ്പ് ഗൃഹനാഥൻ ദൈവത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് ഭക്ഷണവിഭവങ്ങളെ ആശീർവദിക്കുന്നു. പിന്നീട് അദ്ദേഹം അപ്പം മുറിച്ച് എല്ലാവർക്കും വിതരണം ചെയ്യുന്നു. അതേതുടർന്ന് മൂന്നാമത്തെ പാത്രം വീഞ്ഞ് -അനുഗ്രഹത്തിന്റെ പാനപാത്രം - ഗൃഹനാഥൻ കൃതജ്ഞതാസ്തോത്രം ചൊല്ലി ആശീർവദിച്ച് എല്ലാവർക്കുമായി കൈമാറുന്നു. തുടർന്ന് ഹല്ലേൽ സങ്കീർത്തനത്തിന്റെ രണ്ടാം ഭാഗം (113:115–118) ആലപിച്ച ശേഷം പെസഹാവിരുന്നിന്റെ സമാപനം കുറിക്കാൻ നാലാമത്തെ കപ്പ് വീഞ്ഞ് പകർന്നു നല്കുന്നു.

2. വിരുന്ന് പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാര്യം സൂചിപ്പിച്ചുകൊണ്ടാണ് മർക്കോസ് പെസഹാഭക്ഷണവിവരണം ആരംഭിക്കുന്നത് (14:22). പക്ഷേ, പെസഹാഭക്ഷണത്തിന്റെ വിശദാംശങ്ങൾക്കെന്നതിനെക്കാൾ പ്രധാനഭക്ഷണത്തിനും ഗൃഹനാഥന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കുമാണ് മർക്കോസ് പ്രാധാന്യം കൊടുക്കുന്നത്. "യേശു അപ്പമെടുത്ത് ആശീർവദിച്ചു, മുറിച്ച്, അവർക്കുകൊടുത്തു" (14: 22). അപ്പം തന്റെ ശരീരമാണെന്ന് യേശു പറയുന്നു: "ഇതു സ്വീകരിക്കുവിൻ, ഇതെന്റെ ശരീരമാണ്" (14:22). യേശു പറയുന്ന ഈ

വാക്കുകൾ പെസഹായിലെ “യാതനയുടെ അപ്പമായ പുളിപ്പില്ലാത്ത അപ്പ”ത്തിന്റെ (നിയ 16:3) വിശദീകരണത്തിൽനിന്ന് വ്യത്യസ്തമാണ്. തുടർന്ന് യേശു “അനുഗ്രഹത്തിന്റെ പാനപാത്രം” (14:23) എടുക്കുന്നു. പെസഹാവിരുന്നുവേളയിൽ വിളമ്പുന്ന മൂന്നാമത്തെ കപ്പ് വീഞ്ഞാണിത്. പാനപാത്രത്തിലെ വീഞ്ഞിനെ യേശു “ഉടമ്പടിയുടെ രക്തം” (14:24) എന്നാണ് വിശേഷിപ്പിക്കുന്നത്. അതായത്, ഉടമ്പടിയിലെ യേശുവിന്റെതന്നെ രക്തമാണ് അനുഗ്രഹത്തിന്റെ പാനപാത്രം. യേശുവിന്റെ വാക്കുകൾ “കർത്താവു നിങ്ങളോടുചെയ്ത ഉടമ്പടിയുടെ രക്തം” (പുറ 24:8) എന്ന വാക്യത്തെ അനുസ്മരിപ്പിക്കുന്നു. യേശു ചിന്താൻ പോകുന്ന രക്തം ഏവർക്കും വേണ്ടിയെന്നാണ് ഇതിലെ സാരം. ബലികളും ജനങ്ങളുടെമേൽ തളിച്ച ബലിരക്തവും വഴി സീനായ് ഉടമ്പടി ഉറപ്പിക്കപ്പെട്ടതുപോലെ (പുറ 24:1-8) അനേകർക്കുവേണ്ടിയുള്ള യേശുവിന്റെ രക്തംചിന്തലും മരണവുംവഴി ഒരു പുതിയ ഉടമ്പടിയും പുതിയ ദൈവജനവും രൂപംകൊള്ളുന്നു.

3. പെസഹാവിരുന്നുമായി യേശുവിന്റെ അന്ത്യത്താഴത്തെ ബന്ധിപ്പിക്കുന്നുവെങ്കിലും യേശു കൂട്ടിച്ചേർക്കുന്ന വാക്കുകളിലൂടെ - “എന്റെ ശരീരം,” “ഉടമ്പടിയുടെ രക്തം” - യേശു ശിഷ്യരോടൊത്ത് ഭക്ഷിക്കുന്ന പെസഹാഭക്ഷണം അവിടുത്തെ മരണവുമായി മർക്കോസ് ബന്ധിപ്പിക്കുന്നു. യേശു ആഘോഷിച്ച പെസഹായ്ക്ക് അവിടുത്തെ രക്ഷാകരമായ മരണവുമായി ബന്ധമുള്ളതുകൊണ്ട് നാം ആഘോഷിക്കുന്ന ദിവ്യബലി പുതിയ ഉടമ്പടിയിലെ ബലിയായി മാറുന്നു. അവിടുത്തെ മാംസരക്തങ്ങളിലുള്ള നമ്മുടെ പങ്കുചേരൽ ക്രിസ്തുവുമായി നമ്മെ അഭേദ്യമാംവിധം ബന്ധപ്പെടുത്തുന്നു. ക്രിസ്തുവുമായി നമ്മിൽ ഒരു കൂട്ടായ്മ സൃഷ്ടിക്കുന്നു. കൂടാതെ, ദിവ്യബലി യേശു ശിഷ്യരോടൊത്ത് ദൈവരാജ്യത്തിൽ അനുഭവിക്കാൻ പോകുന്ന ക്രിസ്തുവിരുന്നിന്റെയും (Messianic Meal) കൂട്ടായ്മയുടെ ഭാവിയെയും സൂചിപ്പിക്കുന്നു (14:25). അപ്രകാരം, മഹത്വപൂർണമായ ക്രിസ്തുവിരുന്നിന്റെ മുന്നാസ്വാദനമാണ് ദിവ്യബലി. അൾത്താരയിൽ അനുഭവവേദ്യമാകുന്ന കൂട്ടായ്മ ദൈവരാജ്യത്തിൽ നവീകരിക്കപ്പെടുകയും സമ്പൂർണമാക്കപ്പെടുകയും ചെയ്യും.

4. ഒന്നാം വായന പുറപ്പാട് പുസ്തകം 24-ാം അധ്യായത്തിലെ ചില വാക്യങ്ങളാണ്. ദൈവം മോശയ്ക്ക് നല്കിയ വെളിപാടുകളെ

ജനത്തിന് കൈമാറുന്നതും ജനം വിശ്വസ്തവും ഭാവാത്മകവുമായി ദൈവത്തോട് പ്രതികരിക്കുന്നതും ഉടമ്പടിബന്ധത്തെ ഉറപ്പിക്കുന്ന തുമാണ് ഈ പ്രതിപാദനവിഷയങ്ങൾ. കർത്താവിന്റെ വാക്കുകളും നിയമങ്ങളും ദൈവം വെളിപ്പെടുത്തിയത് മോശയ്ക്കാണ്. കർത്താവിന്റെ കല്പനകൾ അനുസരിച്ചാകണം ഇനി ദൈവജനത്തിന്റെ ജീവിതം. അതുമുഴുവൻ ഹൃദയത്തോടെ ജനം ഏറ്റുപറയുന്നത് ഉടമ്പടി സാധൂകരിക്കുന്നതിന് അനിവാര്യമാണ്. അതിനാൽ, മോശ – ദൈവത്തിനും ജനത്തിനുമിടയിലെ മധ്യവർത്തി–ഇതിന് തയ്യാറെടുക്കുന്നു. കർത്താവും ഇസ്രായേൽഗോത്രങ്ങളും ത മ്മിലുള്ള ഉറച്ചബന്ധത്തെ സൂചിപ്പിക്കാൻ ആദ്യമായി മോശ ബലിപീഠവും പന്ത്രണ്ടുസ്തംഭങ്ങളും സ്ഥാപിക്കുന്നു. തുടർന്ന് ദഹനബലികളും സമാധാനബലികളും അർപ്പിക്കുന്നു. കർത്താവ് ജീവന്റെ ഉറവിടമാണെന്നതിന്റെ പ്രതീകമായാണ് മോശ ബലിയുടെ രക്തത്തിൽ പകുതി ബലിപീഠത്തിൽ തളിക്കുന്നത്. അതുകഴിഞ്ഞ് ഉടമ്പടിഗ്രന്ഥം മോശ വായിക്കുമ്പോൾ ജനം അത് മുഴുഹൃദയത്തോടെ ഏറ്റുവാങ്ങുന്നു. അവസാനമായി, ബലിയുടെ ബാക്കിരക്തം മോശ ജനത്തിന്റെമേൽ തളിക്കുന്നു. ഉടമ്പടിയുടെ ഈ രക്തം ദൈവവും ഇസ്രായേലും തമ്മിലുള്ള അഗാധമായ ബന്ധത്തെ മുദ്രവയ്ക്കുന്നു.

## സന്ദേശം

പുറപ്പാട് പുസ്തകത്തിൽ ഉടമ്പടിയുടെ രക്തംവഴി ദൈവവും ഇസ്രായേല്യരും തമ്മിലുള്ള ബന്ധം ദൃഢമാകുന്നു. ഈ പൂർവിക ഉടമ്പടിക്ക് നവ്യമായൊരു മാനം മർക്കോസ് സുവിശേഷകൻ നല്കുന്നു: യേശുവിന്റെ രക്തത്തിലുള്ള ഉടമ്പടിയിലൂടെ സാർവത്രിക രക്ഷ കരഗതമാകുന്നു. ഇന്ന് യേശുവിന്റെ ബലിയിൽ നാം യേശുവിനൊപ്പം മാനവികതയുടെ രക്ഷാകരദൗത്യത്തിൽ ഭാഗഭാക്കുകളാകണം.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## പരിശുദ്ധ കുർബാനയുടെ തിരുനാൾ

13–ാം നൂറ്റാണ്ടിൽ പരിശുദ്ധ കുർബാനയിലെ ഈശോയുടെ സജീവസാന്നിധ്യത്തെ ചോദ്യം ചെയ്തിരുന്നതിനുള്ള ഉത്തരമായി ആരംഭിച്ച തിരുനാളാണ് പരിശുദ്ധകുർബാനയുടെ തിരുനാൾ. ലത്തീൻ ഭാഷയിൽ *Corpus Christi* എന്ന് അറിയപ്പെടുന്ന ഈ തിരുനാൾ വിശുദ്ധ കുർബാനയിലെ ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തെയാണ് പരിചിന്തനം ചെയ്യുന്നത്. ചരിത്രം പരിശോധിച്ചാൽ, 1200 –കളിൽ ബൽജിയത്ത് ജീവിച്ചിരുന്ന ജൂലിയാനോ എന്ന അഗസ്തീനിയൻ സന്ന്യാസിനിക്കുണ്ടായ ദിവ്യകാരുണ്യദർശനത്തിൽനിന്നാണ് ഈ തിരുനാളിന് തുടക്കംകുറിക്കുന്നത്. പിന്നീട് 1264–ൽ അർബൻ നാലാമൻ പാപ്പയാണ് ഈ തിരുനാളിനെ ഔദ്യോഗികമായി അംഗീകരിച്ചത്.

“അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്ക് നൽകിക്കൊണ്ട് അരുൾചെയ്തു: ഇത് സ്വീകരിക്കുവിൻ. ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് അവർക്ക് നൽകിക്കൊണ്ട് അരുൾചെയ്തു: ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്” (മർക്കോ 14:22–24). പുറപ്പാട് പുസ്തകത്തിലെ സീനായ് ഉടമ്പടി പുതിയനിയമത്തിൽ ഈശോ തന്നെത്തന്നെ പൂർണമായി നൽകിക്കൊണ്ട് സ്നേഹത്തിന്റെ ഉടമ്പടിയാക്കുന്നു. ഈ തിരുനാൾ ത്രിവിധ ചിന്തകളാണ് പങ്കുവയ്ക്കുന്നത്.

**1. പരിശുദ്ധ കുർബാന ഒരു ഓർമപ്പെടുത്തൽ**: ക്രിസ്തു തന്റെ ജീവൻ നമുക്കായി കുരിശിൽ അർപ്പിച്ചതിന്റെ ഓർമയാണ് ഓരോ ബലിയും. ഓരോ ബലിയർപ്പണത്തിലും ഈശോയുമായുള്ള ഈ ഉടമ്പടി നാം പുനർവിചിന്തനംചെയ്യുകയാണ്. ഓരോതവണ പരിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോഴും മഹത്തായ ഈ ഉടമ്പടിയിൽ നാം ഒപ്പുവയ്ക്കുകയാണ് വ്യക്തിയായും കൂട്ടായ്മയായും.

പരിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്ന ഓരോ നിമിഷവും അവിടുത്തെ തിരുശരീരരക്തങ്ങളാൽ നാം പരിപോഷിപ്പിക്കപ്പെടുകയാണ്. കർത്താവ് എന്നും നമ്മുടെ ആത്മീയവിശപ്പ് തീർക്കാനായി എളിമയാർന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെകൂടെ, നമ്മുടെ ഉള്ളിലേക്ക് ഇറങ്ങിവരുന്നു. നമ്മുടെകൂടെ യാത്രചെയ്യാൻ, കൂടെ വസിക്കാൻ, കൂടെയായിരിക്കാൻ, ഒപ്പമായിരിക്കാൻ അപ്പമായവനാണ് യേശുക്രിസ്തു എന്ന് കർത്താവിന്റെ തിരുശരീരരക്തങ്ങളുടെ തിരുനാളിൽ നാം ഓർമിക്കണം. എന്നാൽ നമ്മൾ കർത്താവിന്റെ ഉടമ്പടിയിൽ, ഈ യാത്രയിൽ അവിടുത്തോടൊപ്പം ഒന്നുചേരുന്നുണ്ടോ?

**2. പരിശുദ്ധ കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രം:** ഇസ്രായേൽജനതയോട് ആദ്യത്തെ പെസഹാ ആഘോഷമാക്കാൻ പറഞ്ഞപ്പോൾ അവർ പലവിധ അടിമത്തത്തിലായിരുന്നെങ്കിലും മോശവഴി പല അത്ഭുതങ്ങളും പ്രവർത്തിക്കുന്നു. എങ്കിലും പൂർണമായ വിമോചനം അവർക്ക് ലഭിക്കുന്നില്ല. ആദ്യത്തെ പെസഹായിൽ ഓരോ കുടുംബവും ഒരാട്ടിൻകുഞ്ഞിനെ തിരഞ്ഞെടുത്ത് ബലികഴിക്കുന്നതുവഴി അവർക്ക് സ്വാതന്ത്ര്യവും മോചനവും ലഭിക്കുന്നു. പിന്നീട് കർത്താവായ ദൈവം മരുഭൂമിയിൽ മന്ന പൊഴിക്കുന്ന ദൃശ്യം പുറപ്പാടിന്റെ പുസ്തകത്തിൽ കാണാം. മരുഭൂമി പ്രലോഭനത്തിന്റെ ഇടമാണ്. ഇനിയും പരീക്ഷണങ്ങളുടെ ഇടയിൽ നാം വീഴാതിരിക്കാൻ പരിശുദ്ധ കുർബാനവഴി അവിടുന്ന് നമ്മോടുകൂടെയായിരിക്കുന്നു. എല്ലാ പരീക്ഷണങ്ങളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും നമ്മൾ വിമുക്തരാകാൻ, ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമായ പരിശുദ്ധ കുർബാനയിലേക്കാണ് കർത്താവ് അനുദിനം നമ്മെ ക്ഷണിക്കുന്നത്. മറ്റൊരു കുർബാനയായിക്കൊണ്ട്, മറ്റുള്ളവർക്ക് ശക്തികേന്ദ്രമാകാനാണ് അവിടുന്ന് നമ്മെ ക്ഷണിക്കുന്നത്.

**3. പരിശുദ്ധ കുർബാന മുറിക്കപ്പെടുന്നവരുടെ കൂദാശ:** *പാഷൻ ഓഫ് ദ് ക്രൈസ്റ്റ്* എന്ന ചിത്രത്തിൽ യോഹന്നാൻ, കുരിശിൽ പിടയുന്ന യേശുവിനെ കാണുമ്പോൾ അന്ത്യത്താഴവേളയിൽ യേശു അപ്പവും വീഞ്ഞുമുയർത്തി 'ഇത് എന്റെ ശരീരമാണ്, ഇത് എന്റെ രക്തമാണ്' എന്ന് പറയുന്ന ഒരു ഫ്ളാഷ്ബാക്ക് കാട്ടുന്നുണ്ട്. വിശുദ്ധ പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ

പറയുന്നതുപോലെ, അവിടുത്തെ ശരീരവും രക്തവും സ്വീകരിക്കുന്നതുവഴി പൂർണമായി അവിടുന്നിൽ നമുക്ക് പങ്കാളിത്തം, ഭാഗഭാഗിത്വം നേടാൻ കഴിയണം. അവിടുന്ന് നമുക്കുവേണ്ടി മുറിക്കപ്പെട്ടതുപോലെ നമുക്കു ലഭിച്ചിരിക്കുന്നവർക്കുവേണ്ടി മാതാപിതാക്കൾ, ജീവിതപങ്കാളി, മക്കൾ, ബന്ധുജനങ്ങൾ, സനേഹിതർ, അയൽവാസികൾ, ഇടവകജനങ്ങൾ എന്നിവർക്കുവേണ്ടി നാം ഓരോരുത്തരും മുറിയണം;മുറിക്കപ്പെടണം;പങ്കുവയ്ക്കപ്പെടണം. എന്നാൽമാത്രമേ, നമ്മൾ ഓരോരുത്തരും ക്രിസ്തുവിനോട് അനുരൂപരാകൂ. കാരണം, കർത്താവായ യേശുക്രിസ്തു ഇന്നും നമ്മോട് പറയുന്നു: 'സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന്.'

കോവിഡ് എന്ന മഹാമാരിയുടെ മുൻപിൽ ലോകജനത ഇന്ന് അസ്വസ്ഥരായി ജീവിക്കുകയാണ്. പ്രാർത്ഥനകൾക്കായി തുറന്നിട്ടിരുന്ന പള്ളികൾപോലും അടയ്ക്കപ്പെട്ടുകിടക്കുമ്പോൾ, ബലിയർപ്പണത്തിൽ പങ്കുചേരുന്നതിനോ മനസുതുറന്നൊന്ന് പാപസങ്കീർത്തനം നടത്താനോ ഇന്ന് സാധ്യമല്ലാതാകുമ്പോൾ വിശ്വാസം ഏറെ വെല്ലുവിളിക്കപ്പെടുകയാണ്. എങ്കിലും കാറ്റിനെയും കടലിനെയും ശാസിച്ച തമ്പുരാന്റെ സജീവസാന്നിധ്യം ഇന്നും നമ്മോടുകൂടെയുണ്ട്. നമ്മുടെ ജീവിതത്തിന്റെ അസ്തമയത്തിലും പ്രതീക്ഷയുടെ പുതുപുലരി നൽകാൻ അവിടുന്ന് നമുക്കായി കാത്തിരിക്കുന്നു. എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെട്ടതുപോലെ ഈശോയുടെ സാന്നിധ്യത്തെ തിരിച്ചറിയാൻ ഈ തിരുനാൾ നമ്മുടെ ആത്മീയ നയനങ്ങളെ തുറക്കാൻ ശക്തമാക്കട്ടെ.

**ഫാ. മൈക്കിൾ ജോർജ്ജ് അരയൻപറമ്പിൽ**

# ജൂൺ 13
# തിരുഹൃദയത്തിരുനാൾ

## ഭാഷ്യം

### ഹോസി 11:1,3-4,8c-9, എഫേ 3:8-12,14-19; യോഹ 19:31-37

## സന്ദർഭം

യേശുവിന്റെ മരണവും ഉത്ഥാനവും നാലാം സുവിശേഷകൻ 19:17-20:29 -ൽ വിവരിക്കുന്നു. പ്രധാനമായും നാലുകാര്യങ്ങളാണ് ഈ ഭാഗത്ത് ശ്രോതാക്കൾ ശ്രദ്ധിക്കുന്നത്: യേശുവിന്റെ മരണം, സംസ്കാരം, ഉത്ഥാനം (ശൂന്യമായ കല്ലറ), ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകൾ. പ്രസ്തുതപ്രമേയങ്ങളെ സുവിശേഷകൻ രണ്ടു ഭാഗങ്ങളായി വിശദീകരിക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും: 1) യേശുവിന്റെ മരണവും സംസ്കാരവും (19:17-42); 2) യേശുവിന്റെ ഉത്ഥാനവും പ്രത്യക്ഷപ്പെടലുകളും (20:1-29). യേശുവിനെ ക്രൂശിക്കുന്ന രംഗം വിവരിച്ചുകൊണ്ട് ആരംഭിക്കുന്ന ഒന്നാംഭാഗം അവിടുത്തെ സംസ്കരിക്കുന്ന ഭാഗം വിവരിച്ചുകൊണ്ട് അവസാനിക്കുന്നു. ഇതിൽ അഞ്ച് രംഗങ്ങൾ നാം കാണുന്നു: 1) ശീർഷകം; 2) വസ്ത്രത്തിനായി നറുക്കിടൽ; 3) അമ്മയോടും പ്രിയശിഷ്യനോടുമുള്ള വാക്കുകൾ; 4) മരണരംഗം; 5) പാർശ്വം പിളർക്കൽ. ഈ രംഗങ്ങളിലെ അഞ്ചാമത്തേതാണ് ഇന്നത്തെ സുവിശേഷഭാഗം.

## സാരം

1. യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട് പാർശ്വം പിളർക്കുന്ന അന്തിമഘട്ടം വിവരിക്കുന്ന സുവിശേഷകൻ യേശുവിന്റെ മരണത്തെ അർത്ഥപൂർണമായി വ്യഖ്യാനിക്കാൻ ഉദ്യമിക്കുന്നു. സമാന്തരസുവിശേഷങ്ങളിൽ ഈ ഭാഗം വിവരിക്കപ്പെടുന്നില്ല. സുവിശേഷകൻ പാർശ്വംപിളർക്കൽ വിവരണത്തിന്റെ ആരംഭത്തിൽ കുരിശിലേറ്റപ്പെട്ടവരുടെ ശരീരങ്ങൾ പ്രദർശിപ്പിക്കുന്നു (19:31-33). പ്രദർശിപ്പിക്കപ്പെടുന്ന ശരീരങ്ങൾ കുരിശിൽനിന്ന് നീക്കംചെയ്യാൻ യഹൂദർ

ആഗ്രഹിക്കുന്നു. പിറ്റേന്ന് സാബത്താകയാൽ ഒരുക്കദിനമായ വെള്ളിയാഴ്ച ശരീരങ്ങൾ കുരിശിൽ കിടക്കുന്നത് അനുവദനീയമായിരുന്നില്ല. നിയമാവർത്തനപുസ്തകത്തിൽ ഇതിന് പിൻബലമായി ചില രേഖപ്പെടുത്തലുകളുണ്ട് (നിയ 21:22-23); പ്രധാനമായും, തൂക്കിലേറ്റപ്പെട്ട കുറ്റവാളികളുടെ ശരീരം സൂര്യാസ്തമയത്തിനുമുമ്പ് മരത്തിൽനിന്ന് നീക്കംചെയ്യപ്പെടേണ്ടതുണ്ട്. ഇതിനുള്ള അപേക്ഷയുമായി യഹൂദർ പീലാത്തോസിനെ സമീപിക്കുന്നു (19:31). കാരണം, ഒരാളെ തൂക്കിക്കൊല്ലാനുള്ള നിയമപരമായ സാധുത റോമൻ കോടതിയുടെ അധികാരപരിധിയിലായിരുന്നു. അപ്രകാരംതന്നെ, മരണശേഷവും ശരീരം കുരിശിൽനിന്ന് നീക്കംചെയ്യാനും റോമൻ കോടതിയുടെ അനുവാദം ആവശ്യമായിരുന്നു. സുവിശേഷകനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ മരണം യഹൂദർ കാലേക്കൂട്ടി തീരുമാനിച്ചുറപ്പിച്ചതായിരുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്തു. എന്നാൽ യേശുവിനെ കൊല്ലുന്നതിനും മരണശേഷം കുരിശിൽനിന്ന് നീക്കംചെയ്യുന്നതിനും അവർക്ക് റോമൻ സാമ്രാജ്യത്വത്തിന്റെയും റോമൻ കോടതിയുടെയും നിയമപരമായ സഹായം അന്വേഷിക്കേണ്ടിവന്നു. അതായത്, യേശുവിന്റെ മരണം മനുഷ്യരുടെ ആഗ്രഹത്തിനപ്പുറം ദൈവത്തിന്റെ അഭീഷ്ടപ്രകാരമാണെന്നുള്ള വസ്തുത ഇവിടെ തെളിയുന്നു.

2. റോമൻ കോടതിയുടെ അനുവാദത്തോടെ കുരിശിൽ കിടക്കുന്ന ശരീരങ്ങൾ നീക്കംചെയ്യാനുള്ള നടപടികൾ പടയാളികൾ ആരംഭിക്കുന്നു. തുടർന്ന്, അവർ രണ്ടുപേരുടെയും കാലുകൾ തകർക്കുന്നു. കുരിശുമരണം ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ക്രൂരമായ ഒരു ശിക്ഷാവിധിയാണ്. ആകയാൽ, മരണത്തിന് വേഗംകൂട്ടാൻ കുരിശിലേറ്റപ്പെട്ടവരുടെ കാലുകൾ തകർക്കുന്നത് ഒരു സാധാരണനടപടിയാണ്. എന്നാൽ യേശു ഇതിനകം മരിച്ചുകഴിഞ്ഞതിനാൽ അവന്റെ കാലുകൾ തകർക്കപ്പെടുന്നില്ല. സുവിശേഷകനെ സംബന്ധിച്ചിടത്തോളം ഇതിന് ദൈവശാസ്ത്രപരമായ അർത്ഥമാണുള്ളത്. സുവിശേഷകൻ യേശുവിനെ കുഞ്ഞാടായാണ് ആരംഭത്തിൽ അവതരിപ്പിക്കുന്നത് (1:36). ഒടുവിൽ ജറുസലേമിലേയ്ക്കുള്ള യേശുവിന്റെ രാജകീയപ്രവേശനദിവസം (12:12-19) യഹൂദരെ സംബന്ധിച്ചിടത്തോളം ദൈവാലയത്തിൽ ബലിയർപ്പിക്കേണ്ട പെസഹാകുഞ്ഞാടിനെ തിരഞ്ഞെടുക്കേണ്ട ദിവസംതന്നെയായിരുന്നു. അപ്രകാരം യേശു

കുരിശിൽ മരിക്കുന്നത് പെസഹാകുഞ്ഞാടായാണെന്ന് സുവിശേഷകൻ അനുമാനിക്കുന്നു. പെസഹാകുഞ്ഞാടിന്റെ അസ്ഥികൾ ഒന്നും തന്നെ മുറിക്കപ്പെടാൻ പാടുള്ളതല്ല (പുറ 12:46; സംഖ്യ 9:12; സങ്കീ 34:20). 'അസ്ഥികൾ തകർക്കപ്പെടാത്ത' മരണത്തിലൂടെ യേശു ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരമാകുന്നു. അപ്രകാരം മാനവരാശിയുടെ ജീവന്റെ പ്രയാണത്തിലേയ്ക്ക് യേശുവിന്റെ മരണം മാർഗമാകുന്നുവെന്ന് സുവിശേഷകൻ പറഞ്ഞുവയ്ക്കുന്നു.

3. യേശുവിന്റെ മരണം ഉറപ്പാക്കിയിട്ടും പടയാളികളിൽ ഒരുവൻ അവിടുത്തെ പാർശ്വം കുന്തംകൊണ്ട് പിളർക്കുന്നു. ഇവിടെ സുവിശേഷകൻ പട്ടാളക്കാരന്റെ നിഷ്ഠൂരമായ പ്രവൃത്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല. എന്നാൽ തത്ഫലമായി ഒഴുകുന്ന "രക്തവും വെള്ളവും" ശ്രദ്ധാവിശേഷമാകുന്നു. രക്തവും വെള്ളവും എന്ത് അർത്ഥമാക്കുന്നുവെന്ന് ഗ്രഹിക്കാൻ നാലാം സുവിശേഷത്തിന്റെതന്നെ താളുകൾ നമ്മെ സഹായിക്കുന്നു. സമറിയാക്കാരിയുമായുള്ള സംഭാഷണത്തിലും (അധ്യായം 4) ജറുസലെം പ്രഭാഷണത്തിലും (അധ്യായം 7) യേശു താൻ ജീവജലത്തിന്റെ ഉറവയാണെന്ന് ബോധ്യപ്പെടുത്തുന്നു (4:10,12–14;7:37–38). ദിവ്യകാരുണ്യപ്രതീകമായി നിലകൊള്ളുന്ന ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ (അധ്യായം 6) തന്റെ രക്തം ജീവദായകമാണെന്ന് യേശു ഓർമപ്പെടുത്തുന്നു (6:53–58). സഭാപിതാക്കന്മാരുടെ പഠനത്തിൽ പാർശ്വത്തിൽനിന്ന് ഒഴുകുന്ന രക്തവും വെള്ളവും (19:34) കൂദാശകളായ ദിവ്യകാരുണ്യത്തിന്റെയും 'രക്തം' ജ്ഞാനസ്നാനത്തിന്റെയും 'വെള്ളം' പ്രതീകമാണ്. സുവിശേഷരചനയിൽ യേശുവിൽനിന്നും പുറപ്പെടുന്ന രക്തവും വെള്ളവും ജീവന്റെ ഉറവിടമെന്നനിലയിലാണ് കൂദാശയെന്നതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നത്. ആയതിനാൽ, സുവിശേഷകനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ മരണം ജീവന്റെ ഉറവിടമാണ്; ജീവദായകമാണ്.

4. ക്രിസ്തുവിനുമുമ്പ് 740–725 കാലഘട്ടത്തിൽ ദൗത്യം നിർവഹിച്ച ഹോസിയായുടെ പ്രവചനങ്ങളിൽനിന്നുള്ള ഏതാനും ചില വാക്യങ്ങളാണ് ഇന്നത്തെ ഒന്നാം വായന. വടക്കൻരാജ്യമായ ഇസ്രായേലിലായിരുന്നു ഹോസിയ പ്രഘോഷണം നടത്തിയിരുന്നത്. ദൈവത്തെകുറിച്ചുള്ള അജ്ഞതയ്ക്കെതിരെയും ദൈവത്തിന്റെ സ്ഥാനം വിഗ്രഹങ്ങൾ കൈടയക്കിയെന്ന വലിയ തിന്മയ്ക്കെതിരെ

യുമാണ് ഹോസിയാ ശബ്ദം ഉയർത്തിയത്. പിതൃ-പുത്രബന്ധത്തെ അവലംബിച്ചുകൊണ്ട് ദൈവപുത്രനായ ഇസ്രായേലിന്റെ അനുസരണക്കേടിന് പിതാവായ ദൈവം അവനെ ശിക്ഷിക്കുമെന്ന് പ്രവാചകൻവഴി അരുൾചെയ്യുന്നു. എങ്കിലും പിന്നീട് കരുണ തോന്നി ദൈവം അവനെ (ഇസ്രായേലിനെ) രക്ഷിക്കുമെന്ന് അരുൾചെയ്യുന്നു (അധ്യായം 11). അപ്രകാരം ഇന്നത്തെ ഒന്നാം വായനയിൽ തന്റെ പുത്രനായ ഇസ്രായേലിനെ പരിപാലിക്കുന്ന പിതാവായ ദൈവത്തിന്റെ ചിത്രമാണ് അനാവരണം ചെയ്യപ്പെടുന്നത്. ഇസ്രായേൽ ധിക്കാരിയായ ഒരു കുതിരയാണ്. ദൈവം തന്റെ അടുത്തേയ്ക്ക് വിളിക്കുന്തോറും ബാൽദേവന്മാരുടെ അടുക്കലേക്ക് പോകുകയും അവർക്ക് ബലിയർപ്പിക്കുകയും ചെയ്യുന്ന ധിക്കാരിയായ പുത്രൻ. എന്നാൽ ദൈവം അവനെ ഈജിപ്തിൽനിന്ന് വിളിച്ചു; മരുഭൂമിയിൽവച്ച് അവനെ പ്രമാണമനുസരിച്ച് നടക്കാൻ പഠിപ്പിച്ചു; കരങ്ങളിൽ വഹിച്ച് അവനെ സംരക്ഷിച്ചു. അങ്ങനെ കരുണയുടെ കരം നീട്ടി നടന്ന പിതാവാണ് ദൈവം. ആയതിനാൽ തന്നെ തിരസ്ക്കരിച്ച പുത്രനെ - ഇസ്രായേലിനെ കരുണാമയനായ ദൈവത്തിന് നശിപ്പിക്കാൻ സാധിക്കുന്നില്ല (11:8-9). ദൈവം പലപ്പോഴും ശിക്ഷ നടപ്പാക്കാറില്ല. കാരണം ദൈവം മനുഷ്യനല്ല; അവൻ പരിശുദ്ധനും കരുണാമയനുമായ ദൈവമാണ്.

## സന്ദേശം

ഹോസിയാപ്രവാചകൻ ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം പിതൃ-പുത്രബന്ധമായതിനാൽ ദൈവം തന്റെ മകനായ ഇസ്രായേലിനോട് കരുണയുള്ളവനായി മാറുന്നുവെന്ന് പ്രതിപാദിക്കുന്നു. തെറ്റുചെയ്തിട്ടും പുത്രനെ ശിക്ഷയ്ക്ക് വിധേയമാക്കാതെ ജീവിതത്തിന്റെ കരുണനിറഞ്ഞ മുഖം പിതാവ് തന്റെ മകനോട് കാട്ടുന്നു. നാലാം സുവിശേഷകനും പുത്രന്റെ മരണത്തിലൂടെ മനുഷ്യകുലത്തിന് പിതാവായ ദൈവം രക്ഷാകരമായ ജീവൻ നല്കുന്നതായി രേഖപ്പെടുത്തുന്നു. ജീവന്റെ പൂർണത അനുഭവിക്കാനും അത് പകർന്നുനല്കാനും നാം ഓരോരുത്തരും വിളിക്കപ്പെട്ടവരാകുന്നു.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം
## തിരുഹൃദയത്തിരുനാൾ

ഗ്രീക്ക് സാഹിത്യത്തിലെ അനശ്വരകഥാകാരനായ കസൻദ്സാക്കിസിന്റെ *The Last Temptation of Christ* –ൽ സ്നാപകനും ഈശോയും തമ്മിൽ ആശയസംവാദത്തിൽ ഏർപ്പെടുന്ന അതീവഹൃദ്യമായ ഒരു രംഗമുണ്ട്. സ്നാപകൻ ഈശോയോട് പറയുന്നു: "ഇതാ വൃക്ഷം ജീർണിച്ചിരിക്കുന്നു. ദൈവം എന്നെ വിളിച്ച് എനിക്ക് ഒരു മഴു തന്നിരിക്കുന്നു. അത് ഞാൻ മരത്തിന്റെ വേരിനു വച്ചിരിക്കുന്നു. ഞാനെന്റെ കർമം നിർവഹിച്ചു. ഇനി നീ കർമം നിർവഹിക്കുക, അതെടുത്ത് വെട്ടുക. അപ്പോൾ ഈശോ ഇപ്രകാരം മറുപടി പറഞ്ഞു: ഞാൻ അഗ്നിയായിരുന്നെങ്കിൽ അതിനെ ദഹിപ്പിച്ചേനേ.. ഞാൻ ഒരു മരം വെട്ടുകാരനായിരുന്നെങ്കിൽ അതിനെ വെട്ടിദൂരെയെറിഞ്ഞേനേ... പക്ഷേ ഞാനൊരു ഹൃദയമാണ്; അതിനാൽ ഞാനതിനെ സ്നേഹിക്കുന്നു."

സ്നേഹജ്വാലയാൽ എരിയുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾദിനത്തിൽ നമ്മുടെ സ്നേഹവീക്ഷണങ്ങളെ ആഴത്തിൽ പരിശോധിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. മാർഗരറ്റ് മേരി അലക്കോക്കിനു പ്രത്യക്ഷപ്പെട്ടുകൊണ്ട് യേശു തന്റെ തിരുഹൃദയഭക്തിയെക്കുറിച്ച് വിശദീകരിക്കുമ്പോൾ വളരെ പ്രധാനമായി യേശു അവളോട് ആവശ്യപ്പെടുന്നത് തന്റെ മാംസളമായ ഹൃദയത്തിന്റെ പ്രതീകത്തിൽതന്നെ ബഹുമാനിക്കാനാണ്. മാംസളമായ ഹൃദയം, ശിലാഹൃദയം എന്നീ ദ്വന്ദങ്ങൾ നമ്മുടെ ആത്മീയപാഠങ്ങളെയും സ്നേഹവീക്ഷണങ്ങളെയും നിരന്തരം നവീകരിക്കാൻ ഉതകുന്ന പ്രതീകങ്ങളാണ്. ഫറവോയുടെ അപരാധം, അയാൾ മോശയുടെ നിർദേശങ്ങൾക്കെതിരെ, അതുവഴി ദൈവത്തിന്റെ ഹിതത്തിനു നേരെ ഹൃദയം കഠിനമാക്കി എന്നുള്ളതാണ്. യൂദാസിന്റെ തെറ്റും സമാനമാണ്; അയാൾ ഗുരുവിന്റെ മുന്നറിയിപ്പുകളെപോലും അവഗണിച്ച് ഹൃദയം കഠിനമാക്കി. കണക്കെന്നുപറയുന്ന ഒരു ശാസ്ത്രം അയാളെ കീഴടക്കിയപ്പോൾ അയാൾ കഠിനഹൃദയനായി. രണ്ടുപേരും നടന്നടുക്കുന്നതോ, അനിവാര്യമായ ദുരന്തത്തിലേക്കും.

ക്രിസ്തുവിന്റെ ഹൃദയം മാംസളഹൃദയമാണ്. കുത്തി മുറിവേൽപ്പിക്കുന്നവനെ സൗഖ്യപ്പെടുത്തുന്ന, തള്ളിപ്പറയുന്നവനെ വാത്സല്യത്തോടെ കടാക്ഷിക്കുന്ന, ഒറ്റിക്കൊടുക്കാൻ വരുന്നവനെ 'സ്നേഹിതാ' എന്ന മൊഴിയാൽ തലോടുന്ന ഹൃദയം. പണ്ടൊരു ക്ലാസ്സിൽ ടീച്ചർ കുട്ടികളോട് ചോദിച്ചു: 'ഈശോയുടെ ഹൃദയവും നമ്മുടെ ഹൃദയവും തമ്മിലുള്ള വ്യത്യാസം എന്താണ്?' ഒരു കുട്ടി ഇപ്രകാരം വാചാലനായി: 'ടീച്ചറേ, നമ്മുടെ ഹൃദയം അകത്താണ്. ഈശോയുടെ ഹൃദയം പുറത്താണ്.' തിരുഹൃദയത്തിന്റെ ചിത്രത്താൽ സ്വാധീനിക്കപ്പെട്ടതുകൊണ്ടാണ് ആ കുട്ടി അങ്ങനെ പറഞ്ഞത്. അത്രമേൽ സുതാര്യമായ എല്ലാവരെയും സ്നേഹിക്കുന്ന മാംസളഹൃദയം. 'എന്റെ ഹൃദയം നിന്റെ ഹൃദയംപോലെയാക്കണമേ' എന്ന് തിരുഹൃദയ കൊന്തയിൽ ഉരുവിടുമ്പോൾ കഠിനഹൃദയം മാറ്റി മാംസള ഹൃദയം നൽകണമെന്നും നിന്റെ സ്നേഹപാഠങ്ങളാൽ എന്റെ വീ ക്ഷണങ്ങളെയും ബന്ധങ്ങളെയും നയിക്കണമെയെന്നുമാണ് നാം പ്രാർത്ഥിക്കുന്നത്.

രണ്ടാമതായി, ഈശോ തന്റെ ഹൃദയഭാഷ വെളിപ്പെടു ത്തുന്നത് ഇപ്രകാരമാണ്: "ഞാൻ ശാന്തശീലനും വിനീതഹൃദയനു മാണ്." അവന്റെ എഴുന്നള്ളത്ത് വിനയാന്വിതനായിട്ടാണ്. 'താണനി ലത്തേ നീരോടൂ, അവിടേ ദൈവം തുണയുള്ളൂ' എന്ന് മുതിർന്നവർ ചൊല്ലുന്നതിന്റെ പൊരുൾ ധ്യാനിക്കാവുന്നതാണ്. എളിമയുള്ള ഹൃദയം! ബൈബിളിന്റെ ഭാഷയിൽ 'ഹൃദയം' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ വികാരങ്ങളും വിചാരങ്ങളും സ്ഥിതി ചെയ്യുന്ന കേന്ദ്രഭാഗമെന്നാണ്. നമ്മുടെ വിചാരങ്ങളിലും വികാരങ്ങളിലും 'എളിമ' എന്ന ഭാവംനിറയുമ്പോൾ നാം മറ്റുള്ളവർക്ക് അത്രമേൽ സംലഭ്യരും സമീപസ്ഥരുമായിത്തീരും. അഹങ്കാരമുള്ള ഒരുവനോട് എങ്ങനെ അടുക്കാനാണ്? എങ്ങനെ ഒപ്പം ജീവിക്കാനാണ്? അഹങ്കാരിയായ ഒരുവൻ മറ്റുള്ളവരെ സ്നേഹിക്കുന്നത് അവന്റെ നേട്ടങ്ങൾക്കുവേണ്ടിയാണ്, അവനുവേണ്ടിത്തന്നെയാണ്. എന്നാൽ എളിമയുള്ളവൻ സ്നേഹിക്കുന്നത് തനിക്കുവേണ്ടിയല്ല; മറ്റുള്ളവർക്കുവേണ്ടിയാണ്. അതാണ് വിനീതഹൃദയമുള്ളവനെ വ്യത്യസ്തനാക്കുന്നത്. നമുക്ക് യേശുവിനെപോലെ വിനീതഹൃദയരാകാം. നമ്മുടെ പെരുമാറ്റവും സംസാരവുംവഴി ആരെയും ഭാരപ്പെടുത്താതിരിക്കാം. ചതഞ്ഞ ഞാങ്ങണ ഒടിക്കാതിരിക്കാം. പുകഞ്ഞ തിരികെടുത്താതെയും.

മൂന്നാമതായി, ഈശോയുടെ തിരുഹൃദയം കരുണയുടെ ജീവനുള്ള ഉറവിടമാണ്. അപാരമായ ആത്മവിശ്വാസത്തോടുകൂടി ഈ കരുണയുടെ കടലിനെ സമീപിക്കുന്ന എല്ലാവർക്കും പുതുജീവൻ ലഭിക്കും. കരുണ നിറഞ്ഞ അവിടുത്തെ സ്നേഹത്തിൽനിന്നും നാം എത്രത്തോളം അകലുന്നുവോ, അത്രത്തോളം നാം ഹൃദയശൂന്യരായിത്തീരും. നമ്മുടെ ബന്ധങ്ങളിലും വ്യവഹാരങ്ങളിലും അവനോട് കരുണകാണിക്കാനാകത്തക്കവിധം അനുകമ്പാർദ്രമായ ഒരു ഹൃദയം നമുക്ക് സ്വന്തമാക്കാം. കുന്തത്താൽ കുത്തിപിളർക്കപ്പെടുമ്പോൾപോലും ആ ഹൃദയം ചൊരിയുന്ന കാരുണ്യം നമ്മുടെ മനോഭാവങ്ങളെ വിശദീകരിച്ചിരുന്നുവെങ്കിൽ... "നീ എന്നോട് കേണപേക്ഷിച്ചു. അതുകൊണ്ട് നിന്റെ കടമെല്ലാം ഞാൻ ഇളച്ചു തന്നു. ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടത് ആയിരുന്നില്ലേ?" എന്ന് ചോദിക്കുന്നത് ഈശോയുടെ തിരുഹൃദയമാണെന്ന് ആഴത്തിൽ ധ്യാനിച്ച് അപരനോട് പ്രവർത്തിച്ചിരുന്നെങ്കിൽ നമ്മുടെ ബന്ധങ്ങൾ എത്രത്തോളം സൗഖ്യദായകവും സുഖകരവും ആഹ്ലാദപ്രദവുമായേനെ! കുന്തത്താൽ തുറക്കപ്പെട്ട, മുള്ളുകൾകൊണ്ട് ചുറ്റപ്പെട്ട, കുരിശുനാട്ടിയ, കത്തിജ്വലിക്കുന്ന ഹൃദയം കെടാത്ത സ്നേഹത്തിന്റെ അഗ്നിയാൽ നമുക്ക് ചൂട് പകരുന്നു.

ഭാരപ്പെടുത്തുന്നതൊന്നും അപരർക്ക് നൽകാതെ സ്വയം മുറിവുകൾ ഏറ്റെടുത്ത് അധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും ചേർത്തുനിർത്തുന്ന വ്യക്തിത്വങ്ങളായി പരിണമിക്കാൻ ഈശോയുടെ തിരുഹൃദയം നമ്മെ പ്രചോദിപ്പിക്കട്ടെ.

**ഫാ. വർഗീസ് തൊട്ടിയിൽ**

# ജൂൺ 20
# ആണ്ടുവട്ടം 12–ാം ഞായർ

## ഭാഷ്യം

### ജോബ് 38:1,8-11; 2 കോറി 5:14-17;

### മർക്കോ 4:35-41

## സന്ദർഭം

യേശുവിന്റെ ഗലീലിയിലെ ശുശ്രൂഷയുടെ പ്രാരംഭഘട്ടം അവസാനിക്കുന്നത് യേശുവിനെ വധിക്കാൻ ശത്രുക്കൾ നടത്തുന്ന ഗൂഢാലോചനയുടെ വിശദാംശങ്ങൾ നല്കിക്കൊണ്ടാണ് (1:14-3:6). ഗലീലിയിലെ യേശുവിന്റെ പ്രേഷിതശുശ്രൂഷയുടെ രണ്ടാംഘട്ടം തുടർന്ന് സുവിശേഷകൻ നല്കുന്നു (3:7-6:6). രണ്ടുഘട്ടങ്ങളുടെയും ഘടനയും പ്രമേയവും തമ്മിൽ സാമ്യമുണ്ട്. ഒന്നാം ഘട്ടത്തിലേതുപോലെ രണ്ടാം ഘട്ടത്തിലും യേശുവിന്റെ വാക്കുവഴിയും പ്രവൃത്തിവഴിയുമുള്ള ശുശ്രൂഷതന്നെയാണ് പ്രതിപാദ്യവിഷയം. എന്നാൽ, രണ്ടാം ഘട്ടത്തിലെ യേശുവിന്റെ വാക്കും പ്രവൃത്തിയും കൂടുതലും ബന്ധപ്പെട്ടിരിക്കുന്നത് ശിഷ്യരോടൊത്താണ്. അപ്രകാരം ശിഷ്യരോടൊപ്പമായിരിക്കുമ്പോൾ സംഭവിക്കുന്ന യേശുവിന്റെ ഒരു പ്രവൃത്തിയാണ് ഇന്നത്തെ വചനഭാഗം (4:35-41).

## സാരം

1. കാറ്റിനെയും അലറുന്ന കടലിനെയും യേശു ശാന്തമാക്കുന്ന സംഭവം പുരാതന-പൗരസ്ത്യ കഥകളുടെ പശ്ചാത്തലത്തിലും പഴയമനിയമരചനകളുടെ പശ്ചാത്തലത്തിലും ഗ്രഹിക്കാൻ എളുപ്പമാണ്. പുരാതന-പൗരസ്ത്യപാരമ്പര്യമനുസരിച്ച് കടൽക്ഷോഭത്തെ സൃഷ്ടിക്കുന്ന ഭീകരസത്വത്തിൻമേൽ (Monster of Chaos) കാറ്റിന്റെ ദേവൻ (Storm God) വിജയം കൈവരിക്കുന്നതായി വിശ്വസിക്കപ്പെടു

ന്നു. പഴയനിയമഗ്രന്ഥങ്ങളും പ്രകൃതിശക്തികളെ കീഴടക്കാൻ കഴിവുള്ളവനായി ദൈവത്തെ പ്രതിഷ്ഠിക്കുന്നു (ജോബ് 7:12; സങ്കീ 65:7; 89:8-9; 107:28,30).

പുരാണങ്ങളിലും പഴയനിയമഗ്രന്ഥങ്ങളിലും സൂചിപ്പിക്കുന്നതുപോലെ കടലിന്റെയും കാറ്റിന്റെയുംമേൽ അധീശത്വമുള്ള ദൈവത്തിന്റെ പ്രവൃത്തി യേശു ചെയ്യുന്നതുകൊണ്ടാണ് "ഇവൻ ആരാണ്" എന്ന് അത്ഭുതം കൂറുന്ന ചോദ്യത്തിലേയ്ക്ക് ശിഷ്യന്മാർ എത്തുന്നത്. ദൈവത്തിനുമാത്രം നിർവഹിക്കാൻ കഴിയുന്ന പ്രവൃ ത്തി യേശു നിർവഹിക്കുമ്പോൾ യേശുവിന്റെ ദൈവത്വമാണ് ഈ സംഭവത്തിലൂടെ ശിഷ്യർക്ക് വെളിപ്പെടുന്നത്. എന്നാൽ അവരുടെ ബോധ്യത്തിലേയ്ക്ക് യേശുവിന്റെ ദൈവത്വം കടന്നുവരുന്നില്ല. ശിഷ്യരുടെ അവിശ്വാസത്തെ യേശു ശാസിക്കുന്നു (4:40). അതോടൊപ്പം അവിടുത്തെ ദൈവീകശക്തിയിൽ ആശ്രയിക്കാൻ യേശു അവരെ ക്ഷണിക്കുകയും ചെയ്യുന്നു. അപ്രകാരം ശിഷ്യത്വത്തിന്റെ ഒരു പാഠമായാണ് മർക്കോസ് ഈ സംഭവം വിവരിക്കുന്നത്.

2. യേശു കടലിനെയും കാറ്റിനെയും ശമിപ്പിക്കുന്നത് ബാധ ഒഴുപ്പിക്കുന്ന പ്രക്രിയയുടെ രൂപത്തിലാണെന്നത് ഏറെ രസകരമായ ഒരു വസ്തുതയായി വായനക്കാർക്ക് അനുഭവപ്പെടുന്നു. പിശാചിനെ ശാസിക്കുന്നതുപോലെ (1:25;3:12;9:25) യേശു കാറ്റിനെ ശാസിക്കുന്നു (4:39). കാറ്റിനെയും കടലിനെയും ശാസിക്കുമ്പോഴുണ്ടായ അനന്തരഫലം (4:39) ബാധോച്ചാടനസംഭവങ്ങളുടെ പ്രതീതി ജനിപ്പിക്കുന്നു. ഈ സംഭവത്തിൽ യേശുവിലൂടെ പ്രകടമാകുന്ന ശാസനയുടെ ഭാഷ നാം മനസ്സിലാക്കുന്നതും മേൽവിവരിക്കപ്പെട്ട പുരാതന-പൗരസ്ത്യ വിശ്വാസത്തിന്റെയും പഴയനിയമസങ്കല്പങ്ങളുടെയും പശ്ചാത്തലത്തിൽതന്നെയാണ്.

ദൈവശത്രുക്കളുടെ ആവാസകേന്ദ്രം സമുദ്രമെന്നാണ് മേലുദ്ധരിച്ച പാരമ്പര്യങ്ങൾ പറഞ്ഞുവയ്ക്കുന്നത് (സങ്കീ 74:12-14; 89:9-10). ആയതിനാൽ, കടൽ ദൈവവിരുദ്ധശക്തികളെ പ്രതിനിധാനം ചെയ്യുന്നു. ബാധോച്ചാടനങ്ങളിലെന്നതുപോലെ കടലിനെയും കാറ്റിനെയും ശാസിക്കുന്ന പ്രവൃത്തിയിലും ദൈവവിരുദ്ധ ശക്തികളെ കീഴ്പ്പെടുത്തുന്ന വ്യക്തിയായാണ് യേശു അവതരിപ്പിക്കപ്പെടുന്നത്. ഈ സംഭവം ശിഷ്യത്വത്തിന്റെ ഒരു പാഠമായതിനാൽ ദൈവവിരുദ്ധശക്തി

കൾക്കുമേലുള്ള യേശുവിന്റെ ദൗത്യത്തിൽ പങ്കുചേരാനുള്ള വിളിയാണ് ശിഷ്യർക്കും ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നതെന്നതാണ് ഇവിടെ സാരം.

3. മർക്കോസ് അഭിസംബോധന ചെയ്യുന്ന വിശ്വാസിസമൂഹത്തെ സംബന്ധിച്ചിടത്തോളം ഈ സുവിശേഷഭാഗത്തിന് ഏറെ പ്രസക്തിയുണ്ട്. പീഡനങ്ങൾ ഒട്ടേറെ അനുഭവിച്ചിരുന്ന ഒരു വിശ്വാസിസമൂഹമായിരുന്നു മർക്കോസിന്റേത്. അവർ അനുഭവിച്ചിരുന്ന പീഢനങ്ങളുടെ നടുവിലും യേശുവിലുള്ള അവരുടെ വിശ്വാസം നഷ്ടപ്പെട്ടില്ല. പൂർവാധികം ശക്തിയോടെ അവരുടെ വിശ്വാസജീവിതം മുന്നോട്ടുപോകുകയും ചെയ്തു. പ്രസ്തുതസഭയ്ക്ക് നല്കപ്പെടുന്ന സുപ്രധാനസന്ദേശം ഈ സംഭവത്തിൽ അടങ്ങിയിരിക്കുന്നു. വഞ്ചി വിശ്വാസിസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു. കൊടുങ്കാറ്റും അലറുന്ന കടലും വിശ്വാസികൾ അനുഭവിച്ചിരുന്ന മർദനങ്ങളെയും ദൈവീകഭരണത്തിനു വിരുദ്ധമായ വിവിധശക്തികളെയും സൂചിപ്പിക്കുന്നു. ഇവയ്ക്ക് നടുവിലും ദൈവത്വമുള്ള യേശു ‘വഞ്ചി’യിലുണ്ട്.

ഏതൊരു പ്രതിസന്ധിയെയും തരണംചെയ്യാൻ വിശ്വാസസമൂഹത്തെ അവൻ ശക്തിപ്പെടുത്തും. മർക്കോസിന്റെ ആദ്യശ്രോതാക്കൾക്കും എക്കാലവുമുള്ള ക്രൈസ്തവർക്കും പ്രതിസന്ധികളെ തരണം ചെയ്യാൻ ആ വശ്യം യേശുവിന്റെ നിരന്തരസാന്നിധ്യവും അവനിലുള്ള ഉറച്ച വിശ്വാസവുമാണ്. സഭയിലെന്നും ഉത്ഥിതനായ യേശുവിന്റെ നിറസാന്നിധ്യമുണ്ട്. സഭ നേരിടുന്ന ഏതൊരു വെല്ലുവിളിയും ‘ശാന്തമാക്കാൻ’ അവന്റെ സാന്നിധ്യവും അവനിലുള്ള വിശ്വാസവും അനിവാര്യമാണ്.

4. ദൈവത്തെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നവനായാണ് ജോബ് പ്രത്യക്ഷപ്പെടുന്നത്. ഇതിൽ ദൈവത്തിന് പരാതിയില്ല. ഇതിന്റെപേരിൽ ജോബിനെ വിമർശിക്കാനും പോകുന്നില്ല. പക്ഷേ, തനിക്ക് ദൈവത്തോളമെങ്കിലും അറിവുണ്ടെന്ന് അവകാശപ്പെടാൻ ജോബിനാകുമോ? ഇവിടെ നിന്ദാസ്തുതിയുടെ രൂപത്തിലാണ് ദൈവം ചോദ്യങ്ങൾ ചോദിക്കുന്നത്. ഇതിൽ ഒരു ചോദ്യമാണ് ഇന്നത്തെ ഒന്നാം വായനയിലുള്ളത്: ഗർഭത്തിൽനിന്ന് സമുദ്രം പുറപ്പെട്ടപ്പോൾ അതിനെ കതക് അടച്ച് തടഞ്ഞവനാര്? (38:8).

ഒരു മെസെപ്പൊട്ടോമിയൻ പുരാണമാണ് ഈ ചോദ്യത്തിനു

പശ്ചാത്തലം. *മർദുക്ക്* എന്ന ദേവൻ *തിയാമത്ത്* എന്ന കടൽദേവതയെ കൊന്ന് അതിന്റെ ശരീരത്തിൽനിന്നാണ് സമുദ്രങ്ങൾ ഉളവാക്കിയതെന്നാണ് പുരാണത്തിൽ പറയുന്നത്. പിന്നീട് ജലസഞ്ചയങ്ങൾ ഒരുമിച്ചുകൂടി.

ഭൂമി മുങ്ങിപോകാതിരിക്കാൻ അവയ്ക്ക് തടയിട്ടുവെന്നും പുരാണത്തിൽ പറയുന്നു. അതുപോലെ ഉഗാററ്റിക്ക് ഭാഷയിലുള്ള ഒരു പുരാണവുമായും ഈ വാക്യത്തിനു ബന്ധമുണ്ട്. ബാൽദേവൻ, യാം എന്ന സമുദ്രദേവതയെ പരാജയപ്പെടുത്തി സൃഷ്ടികർമം നിർവഹിച്ചു എന്നാണ് അവിടെ പറയുന്നത്. ഈ പുരാതനകഥയുടെ സ്വാധീനം ജോബിന്റെ പുസ്തകത്തിലുണ്ടെന്ന് വ്യക്തം. അണപ്പൊട്ടിയൊഴുകുന്ന പ്രപഞ്ചശക്തികളെ നിയന്ത്രിക്കാൻ ദൈവത്തിനുമാത്രമേ കഴിയൂ,

## സന്ദേശം

ജോബിന്റെ പുസ്തകവും മർക്കോസ് സുവിശേഷകനും ആവശ്യപ്പെടുന്നത് പ്രതിസന്ധിഘട്ടത്തിൽ ദൈവത്തിൽ ശരണപ്പെടുകയെന്നതാണ്. വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും നേരിടുന്ന ആപത്ഘട്ടങ്ങളെ തരണംചെയ്യാൻ നമ്മെ ശക്തിപ്പെടുത്തുന്നത് യേശുവിന്റെ സാന്നിധ്യവും അവനിലുള്ള വിശ്വാസവുമാണ്. പ്രതിസന്ധികളുടെ കാഠിന്യം പലപ്പോഴും നമ്മുടെ ജീവിതത്തിലെ യേശുവിന്റെ സാന്നിധ്യം തിരിച്ചറിയാൻ തടസ്സമായേക്കാം. എന്നാൽ ഉറച്ചവിശ്വാസം നമ്മുടെ ജീവിതനൗകയെ സുരക്ഷിതമായ തീരത്തെത്തിക്കും.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ദൈവം കൂടെയുണ്ട്

മർക്കോസിന്റെ സുവിശേഷത്തിലെ നാലാം അധ്യായത്തിന്റെ സിംഹഭാഗവും ഉപമകളാണ്. വിത്തിന്റെയും കടുകുമണിയുടെയും ഉപമകളാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ തൊട്ടുമുമ്പ് കാണുന്നത്. ഗലീലികടലിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം പെട്ടെന്നുള്ളതും ശക്തിയേറിയതുമായ തിരമാലകൾ ഉണ്ടാകാൻ കാരണമായിരുന്നു. എന്നാൽ സുവിശേഷം അടയാളപ്പെടുത്തിയിരിക്കുന്നതനുസരിച്ച് യേശുവിന്റെ ശിഷ്യസഞ്ചയത്തിൽ കുറഞ്ഞത് നാലുപേരെങ്കിലും മുക്കുവൻമാരായിരുന്നു (പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ). ചെറുപ്പംമുതലേ കടലും തിരമാലകളും കാറ്റും അവർക്ക് പരിചിതമായിരുന്നിട്ടും അവർപോലും ഭയപ്പെട്ടുവെന്നത് ഈ സംഭവത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. ജീവിതത്തിന്റെ സകലതും പരിത്യജിച്ചു യേശുവിന്റെ പിറകെ ഇറങ്ങിത്തിരിച്ച ശിഷ്യർക്കുപോലും ലോകത്തിന്റെ പ്രലോഭനങ്ങളിലും അസ്വസ്ഥതകളിലും പെട്ട് വിശ്വാസം നഷ്ടപ്പെടുന്ന സ്ഥിതിവരുമ്പോഴും യേശു അവരോടൊപ്പം ഉണ്ടാകുമെന്ന ബോധ്യത്തിലേക്കാണ് ശിഷ്യന്മാരെ ഇന്നത്തെ സുവിശേഷം നയിക്കുന്നത്.

ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നതുതന്നെ 'നമുക്ക് അക്കരയ്ക്കു പോകാം' എന്ന ആഹ്വാനത്തോടെയാണ്. അക്കരെയുള്ളത് 'ഗെരസേനരാണ്' എന്ന് മർക്കോസിന്റെ സുവിശേഷം 5:1–ൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അവർ വിജാതീയരാണ്. അവിടെയും ദൈവരാജ്യം പ്രസംഗിക്കേണ്ടതുണ്ട്. അതാണ് യേശുവിന്റെ യാത്രയുടെ ഉദ്ദേശ്യം. എന്നാൽ തിന്മയുടെ ശക്തികൾ കടലിനെയും കാറ്റിനെയും കൂട്ടുപിടിച്ച് യേശുവിനെ തടയാൻശ്രമിക്കുന്നു. രൂപരഹിതവും ശൂന്യവും അന്ധകാരപൂരിതവുമായ ആഴത്തിലെ ജലസഞ്ചയമാണ് സമുദ്രം. അതിനെ വിഭജിച്ചാണ് ദൈവം പ്രപഞ്ചം ക്രമീകരിച്ചത്. സങ്കീർത്തനം 81:10 പരാമർശിക്കുന്ന സമുദ്രത്തിലെ ജീവികളായ 'ലെവിയാഥാനും' 'റാഹാവും' പിശാചിന്റെ കിങ്കരന്മാരായി കരുതപ്പെട്ടു. ദൈവരാജ്യത്തിന്റെ ആഗമനത്തെ എതിർക്കുന്ന

ശക്തികളാണിവർ. എന്നാൽ ഇവയൊന്നും കണ്ട് യേശു ഭയപ്പെടു ന്നില്ല. തിന്മയുടെ ഭീകരരൂപം കണ്ട യേശുവിന് ആശ്ചര്യമൊന്നും തോന്നുന്നില്ല. ദൈവത്തിൽ പൂർണമായി ശരണംവയ്ക്കുന്ന മനുഷ്യ ന്റെ പ്രതീകമാണ് അമരത്ത് തലവച്ച് ഉറങ്ങുന്ന യേശു.

സുവിശേഷങ്ങളിൽ ഈ സംഭവത്തിൽ മാത്രമേ 'യേശു ഉറങ്ങി' എന്ന് പറയുന്നുള്ളൂ. മനുഷ്യനെന്നനിലയിൽ യേശുവും സാധാര ണപോലെ ഉറങ്ങിയിട്ടുണ്ട്. ഇവിടെ യേശുവിന്റെ ഉറക്കത്തെ ശിഷ്യ ന്മാർ കുറ്റപ്പെടുത്തുകയാണ്. ഇത് യേശു ദൈവപുത്രനാണ് എന്ന് ഇനിയും ഹൃദയത്തിൽ വിശ്വസിക്കാത്ത ശിഷ്യരുടെ നിലപാട് വ്യക്ത മാക്കുന്നു. അപകടസന്ധിയിൽപോലും യേശുവിനെ ദൈവപുത്രനാ യി തിരിച്ചറിയാൻ സാധിക്കാത്ത ശിഷ്യരുടെ പരാജയമാണ് ഇവിടെ വ്യക്തമാകുന്നത്.

ആർത്തിരമ്പുന്ന തിരമാലകൾക്കുനടുവിലും അമരത്ത് തലവച്ച് ഉറങ്ങുന്ന ക്രിസ്തു മൂന്നുകാര്യങ്ങളാണ് പറയുന്നത്:

1. യേശുവിനോടൊപ്പമുള്ള ജീവിതയാത്രയിലും ഈ ലോകമാ കുന്ന കടൽ നമ്മുടെ മുന്നിൽ പ്രക്ഷുബ്ധമായേക്കാം. ദുഃഖങ്ങളും സഹനങ്ങളും രോഗപീഡകളും നമ്മുടെ ജീവിതത്തിലും ഉണ്ടാകാം. എന്നാൽ ജീവിതത്തിലെ സഹനങ്ങൾ നമ്മെ വിശ്വാസത്തിലേക്ക് നയിക്കും എന്ന ബോധ്യത്തോടെ അവയെ സ്വീകരിക്കാൻ നമുക്ക് കഴിയണം. അങ്ങനെ സഹനങ്ങൾക്കിടയിൽ നാം നമ്മോടൊപ്പം സഹിക്കുന്ന ദൈവത്തെ കണ്ടുമുട്ടും.

2. യേശുവിന്റെ കൂടെനിന്നാൽ ഒന്നിനും നമ്മെ കീഴ്പ്പെടുത്താ ൻ സാധിക്കുകയില്ല. യേശുവിന്റെ കൂടെയാണെങ്കിൽ പ്രപഞ്ചശ ക്തികൾ നമ്മെ അനുസരിക്കും. ഇതൊരു പുതിയ ഏദൻ അനുഭവ മായിരിക്കും.

3. കൊടുംകാറ്റിന്റെ ആർത്തിരമ്പുന്ന തിരമാലകളുടെ മധ്യേ ഇളകിയാടുന്ന വള്ളത്തിൽ തലവച്ച് സുഖമായി ഉറങ്ങുന്ന യേശു നമ്മുടെ മാതൃകയാകണം. ദൈവത്തിനുള്ള സമ്പൂർണസമർപ്പണ ത്തിന്റെ വിശ്വാസത്തിന്റെ മാതൃക.

**ഫാ. ഡാനിയൽ രാജമണി**

# ജൂൺ 27
# ആണ്ടുവട്ടം 13-ാം ഞായർ

## ഭാഷ്യം

### ജ്ഞാനം 1:13-15; 2:23-24; 2 കോറി 8:7,9,13-15

### മർക്കോ 5:21-43

## സന്ദർഭം

യേശുവിന്റെ ഗലീലിയിലുള്ള രണ്ടാംഘട്ടശുശ്രൂഷ (3:7-6:6a) ശിഷ്യരുടെ രൂപവത്കരണത്തിന് പ്രാധാന്യം നല്കുന്നു. യേശു ശിഷ്യരെയുംകൂട്ടി ഗലീലികടലോരത്ത് പോകുന്നു (3:7). അവരെ വചനപ്രഘോഷണത്തിന് അയയ്ക്കാൻ പന്ത്രണ്ടുപേരുടെ ഒരു സംഘത്തെ യേശു നിയോഗിക്കുന്നു (3:13-19). ദൈവേഷ്ടം നിറവേറ്റുന്ന അവർ യേശുവിന്റെ കുടുംബത്തിലെ പുതിയ അംഗങ്ങളായി മാറുന്നു (3:31-35). യേശു ശിഷ്യർക്കുമാത്രമായി പ്രത്യേകനിർദേശം നല്കുകയും ഉപമകൾ വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്യുന്നു (4: 10-25,34). കൂടാതെ ശിഷ്യരുടെ സാന്നിധ്യത്തിൽ അവിടുന്നു ചില മഹാത്ഭുതങ്ങളും ചെയ്യുന്നു (4:36-5:43). അപ്രകാരം ശിഷ്യരുടെ സാമീപ്യത്തിൽ സംഭവിക്കുന്ന രണ്ട് അത്ഭുതങ്ങളാണ് ഇന്നത്തെ വചനഭാഗം (5:21-43): ആദ്യത്തേത് രക്തസ്രാവക്കാരി സുഖപ്പെടുന്നതും രണ്ടാമത്തേത് ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നതുമാണ്.

## സാരം

1. ജായ്റോസിന്റെ മകളെ സുഖപ്പെടുത്തുന്ന സംഭവവുമായി 12 വർഷം രക്തസ്രാവരോഗമുള്ള ഒരു സ്ത്രീ സുഖപ്പെടുന്ന സംഭവത്തെ (5:24b-34) മർക്കോസ് ബന്ധിപ്പിക്കുന്നു. രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നത് യേശു ജായ്റോസിന്റെ വീട്ടിലേയ്ക്ക് യാത്രചെയ്യുന്ന വേളയിലാണ്. ജായ്റോസ് ഒരു ഉന്നത അധികാരശ്രേണിയിലുൾപ്പെട്ട സിനഗോഗ് അധികാരിയാണെങ്കിൽ രക്തസ്രാവക്കാരി അനാമികയാണ് (nameless). അവളുടെ ദൈർഘ്യമേറിയ രോഗാതുരജീവി

തവും (12 വർഷം) അതവളെ കൊണ്ടെത്തിച്ച സാമ്പത്തികഞെരുക്കവും അവളുടെ ജീവിതത്തിന്റെ ദുരന്തമുഖത്തെ കാണിക്കുന്നു (5:26). രക്തസ്രാവമുള്ളയാളുമായുള്ള സാമീപ്യം മറ്റുള്ളവരെപ്പോലും ആചാരപരമായ കർമങ്ങൾ ചെയ്യുന്നതിന് അശുദ്ധരായി ഗണിക്കപ്പെട്ടിരുന്നു (ലേവ്യ 15:19–33). ആയതിനാൽ, കുഷ്ഠരോഗിയെപ്പോലെ തന്നെ (1:40–42) ഈ സ്ത്രീയും സമൂഹത്തിൽ ഒറ്റപ്പെട്ടവളായിരുന്നു. കുഷ്ഠരോഗി യേശുവിന്റെ സ്പർശനത്തോടെ സൗഖ്യം പ്രാപിച്ച് സമൂഹത്തിന്റെ ഭാഗമാകുമ്പോൾ ഈ സ്ത്രീയാകട്ടെ യേശുവിനെ സ്പർശിച്ച് സുഖംപ്രാപിക്കുകയും സമൂഹത്തിന്റെ ഭാഗമാവുകയും ചെയ്യുന്നു. യേശുവിൽനിന്ന് പ്രവഹിച്ച ശക്തിയാണ് അവളുടെ സൗഖ്യത്തിന് കാരണമായി ഭവിക്കുന്നത്. ഈ തിരിച്ചറിവ് രണ്ടുപേരെയും (യേശുവിനെയും സ്ത്രീയെയും) തികച്ചും വ്യക്തിഗതമായ ഒരു കൂടികാഴ്ചയിലേക്ക് നയിക്കുന്നു. 'മകളേ' എന്ന് വാത്സല്യത്തോടെ വിളിച്ചുകൊണ്ട്, അവളുടെ വിശ്വാസമാണ് അവൾക്ക് സൗഖ്യം കൊടുത്തതെന്ന് യേശു പ്രഖ്യാപിക്കുന്നു (5:33–34). യേശുവുമായുള്ള ഒരു വ്യക്തിയുടെ ബന്ധം ആ വ്യക്തിയുടെ സമഗ്രമായ വളർച്ചയ്ക്ക് കാരണമായിത്തീരുന്നു: വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും 'ഒരുവൾ' സ്വീകാര്യയായിത്തീരുന്നു.

2. രക്തസ്രാവക്കാരിയുടെ ജീവിതസാഹചര്യത്തിൽനിന്നും വ്യത്യസ്തമായൊരു സാമൂഹികപശ്ചാത്തലം ജായ്റോസിനുണ്ട്. സാമൂഹികമായും സാമ്പത്തികമായും ഔന്നത്യത്തിൽ നിലനില്ക്കുന്ന സിനഗോഗ് അധികാരിയായ ജായ്റോസ് സമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്ന ഒരു വ്യക്തിയാണ്. സാധാരണക്കാരായ പലരും ജായ്റോസിൽനിന്നും സഹായം യാചിച്ചിട്ടുണ്ടാകാം. അങ്ങനെയെങ്കിൽ തന്റെ പുത്രിയെ സുഖപ്പെടുത്താൻ യേശുവിന്റെ അടുക്കലേയ്ക്ക് യാചനയുമായി ദൂതരെ അയയ്ക്കാമായിരുന്നു. എന്നാൽ ജായ്റോസ് നേരിട്ട് അപേക്ഷയുമായി യേശുവിന്റെ അടുക്കലേയ്ക്കുവരുന്നു. യേശുവിന്റെ കാലിൽ വീഴുന്ന ജായ്റോസിന്റെ അവസ്ഥ (5:25) രക്തസ്രാവക്കാരിയുടെ അനുഭവത്തിൽനിന്നും വ്യത്യസ്തമല്ല. കൂടാതെ യേശു സൗഖ്യദായകനാണെന്ന ധാരണ ജായ്റോസിൽ പ്രകടമാണ് (5:26). ഇതേസമീപനമാണ് യേശുവിനെക്കുറിച്ച് രക്തസ്രാവക്കാരിക്കുമുണ്ടായിരുന്നത്. ജായ്റോസിന്റെ മകളെ യേശുവിന്റെ കരസ്പർശനത്തിലൂടെ സൗഖ്യപ്പെടുത്താനുള്ള യാത്രയിൽ തടസ്സം സംഭവി

ക്കുന്നു. ("സിനഗോഗ് അധികാരിയുടെ വീട്ടിൽനിന്ന് ചിലർ വന്നുപറഞ്ഞു: നിന്റെ മകൾ മരിച്ചു"–5:35). സ്ത്രീയ്ക്കാകട്ടെ, യേശുവിനെ സ്പർശിച്ച് സൗഖ്യം നേടുന്നതിൽ രക്തസ്രാവം ഒരു തടസ്സമായി നിന്നിരുന്നു (ritual impurity). എങ്കിലും സ്ത്രീ യേശുവിലുള്ള സൗഖ്യദായകശക്തിയിൽ ഉറച്ചുനിന്നതുപോലെ ജായ്റോസും ഈ വിശ്വാസത്തിൽ നിലകൊള്ളുന്നു. ഫലമോ? ജായ്റോസിന്റെ മൃതയായ മകളെ യേശു ജീവനിലേക്ക് കൈപിടിച്ച് 'ഉയർത്തുന്നു.' ഈ രണ്ടു സൗഖ്യങ്ങളും യേശുവിലുള്ള വിശ്വാസത്തിന്റെ അനന്തരഫലങ്ങളാണ്.

3. വിശ്വാസത്തിന്റെ സത്ഫലങ്ങളായി സംഭവിക്കുന്ന രണ്ടു സൗഖ്യങ്ങളും മറ്റുചില കാര്യങ്ങൾകൂടി വായനക്കാരെ ഓർമപ്പെടുത്തുന്നുണ്ട്. അവയിൽ ശ്രദ്ധേയമായത്, രണ്ടുസംഭവങ്ങളുടെയും പ്രമേയം സ്ത്രീകൾക്ക് ലഭിക്കുന്ന രോഗശാന്തിയാണ്. ഇരുവരുടെയും രോഗാവസ്ഥ ഗുരുതരമാണ്. രണ്ടുപേരും ആശയറ്റവരുമാണ്. യേശുവിന്റെ സാമീപ്യവും സ്പർശനവും അനുഭവിച്ചുകൊണ്ടാണ് ഇവർ സൗഖ്യം പ്രാപിക്കുന്നത്. മറ്റൊരു സവിശേഷത, ശിഷ്യരുടെ സാന്നിധ്യത്തിലാണ് യേശു രണ്ട് അത്ഭുതങ്ങളും പ്രവർത്തിക്കുന്നത്. ഇതിലൂടെ താൻ ക്രിസ്തുവാണെന്ന് അവൻ ശിഷ്യർക്ക് വെളിപ്പെടുത്തികൊടുക്കുന്നു. അപ്രകാരം യേശു ഈ സംഭവങ്ങൾ ശിഷ്യത്വത്തിന്റെ പാഠമാക്കുകയും ചെയ്യുന്നു. ഈ അത്ഭുതങ്ങൾ ഇനിയും ബോധ്യപ്പെടുത്തുന്ന കാര്യം, ദൈവരാജ്യത്തിന്റെ മൂർത്തീഭാവമായ യേശു അനുഗ്രഹത്തിന്റെയും ആരോഗ്യത്തിന്റെയും ജീവന്റെയും ഉറവിടം കൂടിയാണെന്നുള്ളതാണ്. അപ്രകാരം, യേശു താൻ വിഭാവനം ചെയ്യുന്ന ദൈവരാജ്യം മാനവസമൂഹത്തിലേയ്ക്കും അവരുടെ ജീവിതാനുഭവങ്ങളിലേയ്ക്കും കൊണ്ടു വരുന്നു. ചുരുക്കത്തിൽ ഈ രണ്ടു സംഭവങ്ങളും സൗഖ്യത്തിനപ്പുറത്തേയ്ക്ക് വ്യാപരിക്കുന്നു – ദൈവരാജ്യസ്ഥാപനം.

4. ഇന്നത്തെ ഒന്നാം വായന ജ്ഞാനത്തിന്റെ പുസ്തകത്തിൽ നിന്നുള്ള ഒന്ന്, രണ്ട് അധ്യായങ്ങളിലെ ഏതാനും ചില വാക്യങ്ങളാണ്. ഒന്നാമത്തെ അധ്യായം ധർമത്തെയും (morality) അനന്തതയേയും (eternity) ഇഴചേർക്കുന്നു. അതായത്, നീതിമാന്മാർ പുനരുത്ഥാനത്തിന്റെ ആനന്ദം അനുഭവിക്കുന്നു. രണ്ടാമത്തെ അധ്യായം വിവരിക്കുന്നത് ദൈവസൃഷ്ടിയുടെ അനശ്വരതയാണ്. അതായത്, ദൈവം

എന്തെല്ലാം സൃഷ്ടിച്ചുവോ, അതെല്ലാം അനശ്വരമായ നിലനില്പുള്ള വയാണ്. എന്നാൽ, തിന്മ-പിശാച്-മാനവരാശിക്ക് ദൈവത്തിൽനിന്ന് ലഭിച്ച അനശ്വരതയുടെ സമ്മാനം തട്ടിയെടുത്തു. അപ്രകാരം, ദൈവം ആരോഗ്യത്തിന്റെയും ജീവന്റെയും അനശ്വരതയുടെയും ദായകനാണ്. അവിടുന്ന് ആരുടെയും നാശം ആഗ്രഹിക്കുന്നില്ല. പക്ഷേ, പിശാചിന്റെ സ്വാധീനത്തിൽപ്പെട്ട് മനുഷ്യൻ അനാരോഗ്യത്തിന്റെയും മരണത്തിന്റെയും നശ്വരതയുടെയും പക്ഷംചേരുന്നു.

## സന്ദേശം

മർക്കോസ് സുവിശേഷകനും ജ്ഞാനത്തിന്റെ രചയിതാവും ഒരേ ആശയംതന്നെയാണ് പങ്കുവയ്ക്കുന്നത്. പിതാവായ ദൈവവും പുത്രനായ ദൈവവും വിഭാവനചെയ്യുന്നത് മനുഷ്യകുലത്തിന്റെ ആരോഗ്യത്തോടുകൂടെയുള്ള നിലനില്പും ജീവനിലുള്ള അനന്തതയുമാണ്. തിന്മയുടെ സ്വാധീനത്തിൽപ്പെടാതെ ദൈവരാജ്യാനുഭവത്തിൽ ജീവിക്കുക എന്നതാണ് ദൈവത്തിന്റെ സ്വപ്നത്തോട് നമുക്ക് ചേർത്തുവയ്ക്കാനുള്ളത്.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## നിസ്സാരതകളെ തൊടുന്ന തമ്പുരാൻ

കടലോളം കരുണയും ഉയിരോളം ഉണ്മയുമായാണ് ക്രിസ്തുവിനെ സുവിശേഷത്തിൽ കണ്ടുമുട്ടുന്നത്. യേശുവിനെ തൊട്ട രക്തസ്രാവക്കാരിയും യേശു സ്പർശിച്ച ജായ്റോസിന്റെ പുത്രിയും ഈ ഉയിരുലാവുന്ന കാരുണ്യത്തിന്റെ കടക്കാരാണ്.

ജായ്റോസ് സമ്പന്നനും സ്വാധീനമുള്ളവനുമായിരുന്നുവെങ്കിൽ രക്തസ്രാവക്കാരി ദരിദ്രയും സമൂഹം പുറത്താക്കിയവളുമായിരുന്നു. ക്രിസ്തു ജായ്റോസിന്റെ ജീവിതനിലവാരത്തെ വിമർശിക്കുകയോ ശാസിക്കുകയോ ചെയ്യുന്നില്ല; അതുപോലെ രോഗപീഡയുടെ പ്രതീകമായ രക്തസ്രാവക്കാരിയെ മറന്നുകളയുകയോ ചെയ്യുന്നില്ല. രണ്ട് സംഭവങ്ങളിലും പരിഹാരമാർഗം അസാധ്യമാണെന്ന് തെളിയുന്നു.

കാരണം, പന്ത്രണ്ടുവർഷത്തെ വൈദ്യശുശ്രൂഷയ്ക്കുപോലും അവളെ സുഖപ്പെടുത്താനാകുന്നില്ല. അതുപോലെ പന്ത്രണ്ട് വയസ്സുമാത്രം പ്രായമുള്ള പെൺകുട്ടിയാണ് മരിച്ചുപോയിരിക്കുന്നത്. അവിടെ കൂടിയവരുടെയൊക്കെ വിലാപത്തിന്റെ അകവായനതന്നെ അവൾക്ക് ഇനിയൊരു തിരിച്ചുവരവ് സാധ്യമല്ലായെന്നതാണ്.

രണ്ടു സംഭവങ്ങളിലും മതാചാരവിലക്ക് നേരിടുന്നവരാണ് രക്തസ്രാവക്കാരിയും ജായ്റോസിന്റെ പുത്രിയും. രക്തസ്രാവക്കാരി അശുദ്ധയാണ്. ലേവ്യ 15:25–30 ഇതു വ്യക്തമാക്കുന്നുണ്ട്. പന്ത്രണ്ട് വർഷമായി അവളുടെ നെഞ്ചിൽ ഒരു നെരിപ്പോട് കത്തുന്നുണ്ടായിരുന്നു. ജായ്റോസിന്റെ മകളും രോഗിണിയായാണ് മരണപ്പെട്ടിരിക്കുന്നത്. സംഖ്യ 19:11–20 വായിക്കുമ്പോൾ മൃതശരീരത്തെ സ്പർശിക്കുന്നവൻ ഏഴ് ദിവസത്തേക്ക് അശുദ്ധനായിരിക്കുമെന്നു പറയുന്നു.

ചരിത്രകാരനായ പ്ലീനിയുടെ അഭിപ്രായത്തിൽ വൈദ്യശാസ്ത്രം അത്രകണ്ട് പുരോഗമിച്ചിട്ടില്ലാത്ത കാലമായിരുന്നു അതെന്നു മനസ്സിലാക്കാം. വൈദ്യന്മാർ രോഗസൗഖ്യത്തിനായി നിർദ്ദേശിച്ചിരുന്നത് പലപ്പോഴും ചെന്നായയുടെ മസ്തകം കത്തിച്ച ചാരവും, കലമാന്റെ കൊമ്പുകളും ചുണ്ടെലികളുടെ തലകളും ഞണ്ടുകളുടെ കണ്ണുകളും മൂങ്ങകളുടെ തലച്ചോറും തവളയുടെ കരളുമൊക്കെയാണ്. വയറുകടിയെന്ന രോഗത്തിന് കുതിരയുടെ ദന്തങ്ങൾ പൊടിച്ച് നൽകുമായിരുന്നുവത്രെ. യഹൂദ എഴുത്തുകളിൽ പ്രത്യേകിച്ച് താൽമുദ് ഗ്രന്ഥങ്ങളിൽ രക്തസ്രാവം സുഖപ്പെടാൻ നൽകിയിരുന്ന മരുന്നുകളുടെ വിവരണം കാണാനാകും. ചില വൈദ്യന്മാർ, പേർഷ്യയിൽനിന്നും കൊണ്ടുവന്ന ഉള്ളിയിൽ വൈൻ ഉണ്ടാക്കി രോഗിക്ക് സേവിക്കാൻ നൽകും. മറ്റു ചില വൈദ്യന്മാരാകട്ടെ, ഒട്ടകപക്ഷിയുടെ മുട്ടയിൽനിന്നെടുത്ത ചാരം പ്രത്യേകതുണിയിലാക്കി വഹിക്കാൻ കൽപ്പിക്കും. ഇങ്ങനെയുള്ള ചികിത്സാവിധികൾക്കുപോലും അവളെ സുഖപ്പെടുത്താനായില്ലത്രെ; പിന്നെ മരിച്ചുപോയ ഒരാളെക്കുറിച്ച് പറയേണ്ടതുണ്ടോ!

ഈ രണ്ട് സംഭവങ്ങളിലും ഉപയോഗിച്ചിരിക്കുന്നത് *Sozo* എന്ന ഗ്രീക്കുവാക്കാണ്. സാധാരണ അർത്ഥത്തിൽ *Sozo* എന്നാൽ, 'സൗഖ്യപ്പെടുത്തുക,' 'അപായങ്ങളിൽനിന്നും മോചിപ്പിക്കുക' എന്നൊക്കെയാണ്. എന്നാൽ പഴയനിയമ ഗ്രീക്ക് പരിഭാഷയിൽ *Sozo* എന്നാൽ 'ഇസ്രായേലിലെ രക്ഷ' എന്നാണ്. സങ്കീ 44:7–ൽ അവിടുന്ന് ഞങ്ങ

Date of Publication: 13 May 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 28)

ളെ ശത്രുക്കളിൽനിന്നു രക്ഷിച്ചു എന്നും ഏശ 43:11–ൽ ഞാൻ, അതേ ഞാൻതന്നെയാണ് കർത്താവ് ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല എന്നും ഏശ 63:9–ൽ അവിടുന്നുതന്നെയാണ് അവരെ രക്ഷിച്ചതെന്നും 1 കോറി 9:22–ൽ എല്ലാപ്രകാരത്തിലും കുറേപ്പേരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായിയെന്നും എഫേ 2:5–ൽ അവന്റെ കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടുവെന്നും വായിക്കുമ്പോൾ സുവിശേഷഭാഗം സൗഖ്യപ്പെടുത്തുന്ന അത്ഭുതങ്ങൾ മാത്രമല്ല; മറിച്ച് രക്ഷാകരസംഭവങ്ങളുമാണ് എന്ന് മനസ്സിലാക്കാം.

ക്രിസ്തുവിലുള്ള രണ്ടുപേരുടെയും വിശ്വാസത്തെയാണ് സുവിശേഷകൻ വരച്ചുകാട്ടുക. യേശുവിന്റെ സ്പർശനം മാത്രംമതി തന്റെ മകൾ ഉണരാനെന്ന് ജായ്റോസ് വിശ്വസിക്കുമ്പോൾ അവന്റെ വസ്ത്രത്തിൽ സ്പർശിച്ചാൽ മതി താൻ സൗഖ്യപ്പെടുമെന്ന് രക്തസ്രാവക്കാരിയും വിശ്വസിക്കുന്നു. എന്നെങ്കിലുമൊരിക്കൽ പറക്കാനാവും എന്ന വിശ്വാസമായിരിക്കണം തളർന്നുവീഴാതെ ചിറക് വിടർത്തി നിൽക്കാൻ പക്ഷിയെ പ്രേരിപ്പിക്കുന്നത്. എന്തും ഏതും വിലപ്പെട്ടതായി തോന്നുക രണ്ടുഘട്ടങ്ങളിലാണ്. ഒന്നുകിൽ; അത് ലഭിക്കുന്നതിനുമുമ്പ് അല്ലെങ്കിൽ അത് നഷ്ടപ്പെടുമ്പോൾ. സങ്കടങ്ങളും സഹനങ്ങളും വലിഞ്ഞുകയറിവരുന്ന ദിവസങ്ങളിൽ ഒരു അദൃശ്യകരം എപ്പോഴും കൂടെയുണ്ടെന്ന ബോധ്യമാണ് വിശ്വാസത്തിന്റെ ആഴവും ആക്കവും കൂട്ടുക. വിശ്വാസം നഷ്ടപ്പെട്ട ജീവിതം ഒരുപക്ഷേ ഇലകളും ശിഖരങ്ങളുമില്ലാത്ത മരങ്ങൾപോലെയായിരിക്കും. അവയ്ക്ക് ഫലം പുറപ്പെടുവിക്കാനോ തണലേകാനോ കഴിയുന്നില്ല. രക്തസ്രാവക്കാരിയും ജായ്റോസിന്റെ മകളും ഒരുതരത്തിൽ അങ്ങനെയായിരുന്നുതാനും. മരണത്തിന്റെ കവാടംവരെ ചെന്ന കുഞ്ഞിന്റെ മുഖംകണ്ട ജനക്കൂട്ടത്തിന് അത്ഭുതമായവനാണ് ക്രിസ്തു... അതുപോലെതന്നെ അപമാനത്തിന്റെ അങ്ങേയറ്റംവരെ ചെന്ന രക്തസ്രാവക്കാരിക്ക് സൗഖ്യക്കൂട്ട് ഒരുക്കിയവനുമായിരുന്നു ക്രിസ്തു... മനുഷ്യന്റെ നിസ്സാരതകളിലേക്ക് ഇറങ്ങിവരുന്ന ദൈവത്തിന്റെ കരംപിടിക്കാൻ മനസ്സും ഹൃദയവും അതിയായി ആഗ്രഹിക്കട്ടെ.

**ഫാ. ഇമ്മാനുവേൽ യേശുദാസൻ**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*